**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1788** | **14.08.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്.**

## കൊലപാതകങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 355 കൊലപാതക കേസുകളിൽ 381 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. |
| (ബി) | എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നെന്നും, കൊല്ലപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധവും വിശദമാക്കാമോ; | (ബി) | 13 രാഷ്ട്രീയ കൊലപാതക കേസുകളിലായി 14 പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. കൊല്ലപ്പെട്ടവരിൽ ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകരും, സി.പി.ഐ.(എം.) പ്രവർത്തകരും, മുൻ സി.പി.ഐ.(എം) പ്രവർത്തകനും, ഐ.യു.എം.എൽ. പ്രവർത്തകരും ഉൾപ്പെടുന്നു. |
| (സി) | ഗുണ്ടാ ആക്രമണം, മാഫിയാ ആക്രമണം, മതസ്പർദ്ധ, ധനാപഹരണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഗുണ്ടാ ആക്രമണത്താൽ 4 പേരും, 2 പേർ മതസ്പർദ്ധ യാലും, 8 പേർ ധനാപഹരണത്താലും കൊല്ലപ്പെട്ടിട്ടുണ്ട്. മാഫിയ ആക്രമണത്താൽ ആരും കൊല്ലപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**